"ഇത് ദൈവത്താൽ (മശിഹാവഴിയാൽ) സംഭവിച്ചു നമ്മുടെ ഇടയിൽ ആശ്ചര്യമായിരിക്കുന്നു" (സങ്കീ. 118:23)

# യാക്കോബായ സുറിയാനി സഭ

# സെൻ്റ്. തോമസ് ധ്യാന കേന്ദ്രം

## കീഴില്ലം, ഐരാപുരം കോളേജ് ജംഗ്ഷൻ

## വളയൻചിറങ്ങര പി. ഒ.,

**Phone : 0484 - 2257028, 6529629**
**Mobile : 9495169105, 9447608538**



പരി. പാത്രിയർക്കീസ് ബാവ



ശ്രേഷ്ഠ കാതോലിക്ക ബാവ



സെൻ്റ് തോമസ് ധ്യാനകേന്ദ്രം, കീഴില്ലം

കർത്താവിൽ പ്രിയരെ,

സർവ്വശക്തിയുള്ള പിതാവായി ആകാശത്തിൻ്റേയും ഭൂമിയുടേയും കാണപ്പെടുന്നവയും കാണപ്പെടാത്തവയുമായ സകലത്തിൻ്റേയും സൃഷ്ടാവായ ദൈവം യേശുക്രിസ്തുവിൽക്കൂടി നമ്മെ ജയോത്സവമായി വഴി നടത്തുന്നു. ഈ സത്യം വെളിപ്പെട്ടതാണ് യാക്കോബായ സുറിയാനി സഭയുടെ സെൻ്റ് തോമസ് ധ്യാനകേന്ദ്രം! പരിശുദ്ധ യാക്കോബായ സുറിയാനി സഭയ്ക്ക് ഒരു ധ്യാനകേന്ദ്രം ഉണ്ടാകണമെന്ന് ആഗ്രഹിച്ച് ശ്രേഷ്ഠ കാതോലിക്കാ ആബൂൻ മാർ ബസ്സേലിയോസ് തോമസ് പ്രഥമൻ ബാവായും അഭിവന്ദ്യ തിരുമേനിമാരും ബ. വൈദീകരും സമർപ്പിതരായ സിസ്റ്റേഴ്സും അനേകം ദൈവമക്കളും പ്രാർത്ഥിച്ചതിൻ്റെ ഫലമാണ് ഇത്. പാറേത്തുമുകൾ സെൻ്റ് തോമസ് പള്ളി ഇടവകാംഗം, തെറ്റിക്കോട്ടുമുകളത്ത് ശ്രീ. പൗലോസ് മാത്യുവും കുടുംബവും സഭയുടെ ധ്യാനകേന്ദ്രത്തിനായി സ്ഥലവും കെട്ടിടസമുച്ചയവും സമർപ്പിച്ചു. അങ്ങനെ 2005 ഒക്ടോബർ 11 ന് ശ്രേഷ്ഠ കാതോലിക്കാ ബാവാ തിരുമനസ്സുകൊണ്ട് ഉദ്ഘാടനം ചെയ്ത് ഇതിൻ്റെ പ്രവർത്തനങ്ങൾ ആരംഭിച്ചു.



## ലൊക്കേഷൻ

എറണാകുളം ജില്ലയിൽ മൂവാറ്റുപുഴ-പെരുമ്പാവൂർ പ്രൈവറ്റ് ബസ്സ് റൂട്ടിൽ ഐരാപുരം എസ്.എസ്.വി. കോളേജ് ജംഗ്ഷന് സമീപമായി സ്ഥിതി ചെയ്യുന്നു.

## പ്രവർത്തനങ്ങൾ

### താമസിച്ചുള്ള ധ്യാനം (വിശുദ്ധീകരണ ധ്യാനം)

എല്ലാ മാസവും ഒന്നാമത്തെ ഞായറാഴ്ച വൈകുന്നേരം 5 മണിക്ക് ആരംഭിച്ച് വെള്ളിയാഴ്ച 12 മണിക്ക് അവസാനിക്കുന്നു. പുരുഷന്മാർക്കും സ്ത്രീകൾക്കും താമസിക്കുന്നതിനുള്ള സൗകര്യമുണ്ട്. വി. കുർബ്ബാന, വി. കുമ്പസാരം, വചനപഠനം, ധ്യാനം, കൗൺസിലിംഗ് ഇവയെല്ലാം കരിസ്മാറ്റിക് അനുഭവമുള്ള വൈദീകരുടേയും സിസ്റ്റേഴ്സിന്റേയും സുവിശേഷകരുടേയും നേതൃത്വത്തിൽ നടത്തുന്നു.

### കൗൺസിലിംഗ്

കുടുംബപരമായും മാനസികമായും അനുഭവിക്കുന്ന വേദനകൾ പങ്കുവയ്ക്കുവാനും സന്തോഷപ്രദമായ ജീവിതം നയിക്കുന്നതിനും വേണ്ട ആത്മീയ ഉപദേശങ്ങളും പരിഹാരങ്ങളും ലഭിക്കതക്കവണ്ണം,പരിശുദ്ധാത്മ നിറവിലും മനശാസ്ത്രപരമായും കൗൺസിലിംഗ് നടത്തുവാൻ അനുഭവസമ്പന്നരായ വൈദീകരും സിസ്റ്റേഴ്സും സുവിശേഷകരും ഈ രംഗത്തു സേവനം ചെയ്യുന്നു. ആവശ്യമായി വരുന്നവർ മുൻ പേജിലെ ഫോൺ നമ്പറിൽ ബന്ധപ്പെടേണ്ടതാകുന്നു.

### ഏക ദിന ഉപവാസധ്യാനയോഗം

എല്ലാ ശനിയാഴ്ചയും രാവിലെ 9 മണി മുതൽ ഉച്ചയ്ക്ക് 1 മണിവരെ ഉപവാസധ്യാനയോഗം നടത്തി വരുന്നു.



### മദ്ധ്യസ്ഥ പ്രാർത്ഥന

എല്ലാ ബുധനാഴ്ചയും രാവിലെ 10 മണി മുതൽ 1.30 വരെയും, എല്ലാ വെള്ളിയാഴ്ചകളിലും വൈകുന്നേരം 5 മുതൽ 8.30 വരെയും മദ്ധ്യസ്ഥ പ്രാർത്ഥന നടത്തപ്പെടുന്നു. കൂടാതെ എല്ലാമാസവും ആദ്യത്തെ ബുധനാഴ്ച രാത്രി മുഴുവൻ ജാഗരണ പ്രാർത്ഥന നടന്നുവരുന്നു. എല്ലാ ദിവസവും രാത്രി 8 മണിക്ക് പരി. സഭയിലെ ദൈവമക്കൾ ധ്യാനകേന്ദ്രത്തിനു വേണ്ടി പ്രാർത്ഥിക്കണമെന്ന്, ശ്രേഷ്ഠ ബാവാ കല്പിച്ചിട്ടുള്ളതാണെന്ന് ഓർമ്മപ്പെടുത്തുന്നു.



### തയ്യൽ സ്കൂൾ

നിർദ്ധനരായ കുട്ടികൾക്ക് പഠിക്കുന്നതിനും സ്വയം തൊഴിൽ ചെയ്ത് ഉപജീവനം നടത്തേണ്ടതിനുമായി ഒരു തയ്യൽ സ്കൂൾ ധ്യാന കേന്ദ്രത്തിന്റെ പ്രവർത്തനപദ്ധതിയിലുണ്ട്.



## കോൺവെന്റ്

ശ്രേഷ്ഠ ബാവാതിരുമനസ്സുകൊണ്ട് ഒരു കോൺവെന്റ് ഇവിടെ പ്രാർത്ഥിച്ച് ആരംഭിച്ചു. ഇവിടെ നടത്തപ്പെടുന്ന എല്ലാ ശുശ്രൂഷകൾക്കും സിസ്റ്റേഴ്സ് നേതൃത്വം നൽകി വരുന്നു.

## സെന്റ് തോമസ് ധ്യാനകേന്ദ്ര സുവിശേഷ സംഘം.

ആവശ്യപ്പെടുന്നതനുസരിച്ച് വിവിധ സ്ഥലങ്ങളിലും പള്ളികളിലും പോയി കൺവെൻഷൻ, ധ്യാനം, ബൈബിൾ ക്ലാസ്, ഭവന സന്ദർശനം ഇവ നടത്തുന്നതിനായി രൂപികരിക്കപ്പെട്ടതാണ് ഈ സുവിശേഷ സംഘം.

## വാർഷിക കൺവെൻഷനും ധ്യാനവും

ധ്യാനകേന്ദ്രത്തിന്റെ വാർഷികത്തോടനുബന്ധിച്ച് ഒരാഴ്ച നീണ്ടുനിൽക്കുന്ന സുവിശേഷ യോഗങ്ങളും പകൽ ധ്യാനങ്ങളും നടത്തപ്പെടുന്നു.

പ്രശ്നസങ്കീർണ്ണമായ വ്യക്തിത്വങ്ങളാണ് ആധുനിക കാലഘട്ടത്തിന്റെ പ്രത്യേകത. ഇത് പരിഹരിക്കുന്നതിന് ധ്യാനമില്ലാത്ത ദിവസങ്ങളിലും കൗൺസിലിംഗ്, വി. കുമ്പസാരം ഇവ നടത്തുന്നതിനായി അനുഗ്രഹീതരായ വൈദീകരുടെയും സിസ്റ്റേഴ്സിന്റേയും സേവനം ലഭ്യമാണ്. നിരന്തരമായി മദ്ധ്യസ്ഥ പ്രാർത്ഥന നടത്തുന്നതിന് ഒരു ചെയിൻ പ്രയറിന് രൂപം നൽകാൻ ഉദ്ദേശിക്കുന്നു. അവധിക്കാലങ്ങളിൽ കുട്ടികളുടെ ധ്യാനം നടത്തുവാനും ആഗ്രഹിക്കുന്നു.




## ചെയ്യാനുദ്ദേശിക്കുന്ന പദ്ധതികൾ

- ധ്യാനകേന്ദ്രത്തിന് ഒരു ചാപ്പൽ
- നിർധനരായ വിദ്യാർത്ഥികൾക്കുള്ള സാമ്പത്തിക സഹായം.
- നിർധനരായ രോഗികൾക്കുള്ള ചികിത്സാ സഹായം.
- ഒരു ആംബുലൻസ്
- അനാഥ മന്ദിരം
- ഒരു ലൈബ്രറി

## ഏതെല്ലാം രീതിയിൽ ധ്യാനകേന്ദ്രത്തെ സഹായിക്കാം.

- ധ്യാനകേന്ദ്രത്തെയും അതിന്റെ പ്രവർത്തനങ്ങളേയും ഓർത്ത് പ്രാർത്ഥിക്കുക.
- ഏകദിനഉപവാസ ധ്യാനത്തിൽ പങ്കെടുക്കുന്നവർക്ക് ഒരു നേരത്തെ ഭക്ഷണം സ്പോൺസർ ചെയ്യാം. (Rs.1000/-)
- ധ്യാനകേന്ദ്രത്തിലേക്കാവശ്യമായ ഉപകരണങ്ങൾ തന്ന് സഹായിക്കാം.

  (a) ജനറേറ്റർ (b) സുവിശേഷ വേലയ്ക്ക് ഒരു വാഹനം (c) കമ്പ്യൂട്ടറുകൾ (d) സൗണ്ട്സിസ്റ്റം (e) ലൈബ്രറി പുസ്തകങ്ങൾ (f) ഫർണീച്ചറുകൾ
- ഒരു മുറി സ്പോൺസർ ചെയ്യാം. (Rs.50,000/-) (തവണകളായി അടക്കാനുള്ള സൗകര്യം ചെയ്യുന്നതാണ്).
- ധ്യാനകേന്ദ്രത്തിന്റെ അനുദിനചെലവുകൾക്കായി ഒരു നിശ്ചിത തുക ഓരോ മാസവും അയച്ചു തന്ന് സഹായിക്കാം.
- താമസിച്ച് ധ്യാനത്തിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്ന നിർധനരായ വ്യക്തികളെ ഫീസ് നൽകി സഹായിക്കാം.

ഈ ധ്യാനകേന്ദ്രം മുഖാന്തിരമുള്ള എല്ലാ ദൈവീക ശുശ്രൂഷകളും പരി. സഭയുടെ ഉന്നതിക്കും ദൈവനാമ മഹത്വത്തിനുമായി തീരുവാൻ കർത്താവ് കൃപ ചെയ്യുമാറാകട്ടെ

**ദൈവത്തിനു സ്തുതി !!**

Paul Graphics Ph: 2525763